# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 481 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി (ജി.എസ്.റ്റി.) നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്നും വ്യക്തമാക്കുമോ; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ആം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം ഇതിനുവേണ്ടിയുള്ള നിയമ നിർമ്മാണം, ചട്ടങ്ങൾ, നടപടി ക്രമങ്ങൾ എന്നിവ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം ആയിരിക്കും. ജി.എസ്.ടി കൗൺസിലിൽ കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന - യൂണിയൻ ടെറിട്ടറീസ് ധനമന്ത്രിമാരും അംഗങ്ങളാണ്. ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം മോഡൽ ജി.എസ്.ടി നിയമം ചട്ടങ്ങൾ എന്നിവ സംസ്ഥാന സർക്കാർ അംഗീകരിക്കുകയുണ്ടായി.<br>ഭരണപരമായ കാര്യങ്ങളിൽ ഒന്നര കോടി വരെ വിറ്റു വരവുള്ളവയെ സംബന്ധിച്ച ഫയലുകൾ 9:1 എന്ന അനുപാതത്തിൽ യഥാക്രമം സംസ്ഥാന, കേന്ദ്ര വകുപ്പുകൾ ഭരണ നിർവ്വഹണം നടത്താനും അതിനു മുകളിൽ തുകകൾ കൈകാര്യം ചെയ്യുന്ന ഫയലുകൾ 1:1 എന്ന അനുപാതത്തിൽ വീതം വയ്ക്കാനും തീരുമാനം ആയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിയമം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. |
| (സി) | ജി.എസ്.റ്റി.യിൽ ഒരു പങ്ക് നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അവകാശം ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം ഇതിനുവേണ്ടിയുള്ള നിയമ നിർമ്മാണം ചട്ടങ്ങൾ, നടപടി ക്രമങ്ങൾ എന്നിവ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം ആയിരിക്കും. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ജി.എസ്.ടി. യിൽ പങ്ക് നിശ്ചയിക്കാൻ പ്രത്യേക അധികാരമില്ല. എന്നാൽ പിരിക്കുന്ന നികുതിയുടെ 50% സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണ്. |

**സെക്ഷൻ ഓഫീസർ**